**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **28-01-2026 - ൽ മറുപടിയ്ക്ക്**

**മണൽ, ചെമ്മണ്ണ് ഖനനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മണൽ, ചെമ്മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് സാധാരണ മണൽ, സാധാരണ മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിനായി 2015 – ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ക്വാറിയിംഗ് പെർമിറ്റ് ആണ് അനുവദിക്കുന്നത്. അല്ലാത്ത സാഹചര്യങ്ങളിൽ മേൽ പ്രകാരമുള്ള ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് താഴെ പറയുന്ന രേഖകളോട് കൂടി ഫോം എ- യിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.<br><br>1. 5000/- രൂപ നിർദ്ദിഷ്ട ശീർഷകത്തിൽ അപേക്ഷാ ഫീസ് ഒടുക്കിയ ചെലാൻ<br><br>2. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അനുവദിച്ച സർവ്വേ മാപ്പ്.<br><br>3. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അനുവദിച്ച ഡീ-മാർക്കേഷൻ സർട്ടിഫിക്കറ്റ്.<br><br>4. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അനുവദിച്ച നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്.<br><br>5. അപേക്ഷാ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്. ( അപേക്ഷാ സ്ഥലം സർക്കാർ ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം. )<br><br>6. അപേക്ഷകൻ സ്ഥലംഉടമ അല്ലെങ്കിൽ മുദ്ര പത്രത്തിൽ തയ്യാറാക്കിയതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സമ്മത പത്രം .<br><br>7. ഖനനം ചെയ്യുന്നത് സാധാരണ മണൽ ആണെങ്കിൽ ഖനനഫലമായി രൂപപ്പെടുന്ന കുഴി നികത്തി പൂർവ്വ സ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് ക്യൂബിക് മീറ്റർ ഒന്നിന് 300/- രൂപ എന്ന നിരക്കിലുള്ള ബാങ്ക് ഗ്യാരന്റി. |

| | | | |
|---|---|---|---|
| | | | 8. അപേക്ഷാ സ്ഥലം 50 ആർസിൽ കൂടുതലാണെങ്കിൽ അപേക്ഷാ സ്ഥലത്തെ റിസോഴ്സ് സംബന്ധിച്ചുള്ള ഡ്രോൺ-ലിഡാർ സർവ്വെ റിപ്പോർട്ട്.<br><br>തുടർന്ന് ഖനനത്തിന് അഭികാമ്യമായ സ്ഥലമാണെന്ന് പ്രാഥമിക വിലയിരുത്തലിൽ കാണുന്ന പക്ഷം അപേക്ഷകന് ലെറ്റർ ഓഫ് ഇന്റന്റ് അനുവദിക്കുന്നു. പ്രസ്തുത ലെറ്റർ ഓഫ് ഇന്റന്റിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് പ്ലാൻ തയ്യാറാക്കി ജില്ലാ ജിയോളജിസ്റ്റ് മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പാരിസ്ഥിതികാനുമതി ഹാജരാക്കുന്ന മുറയ്ക്ക് ഖനനാനുമതി നൽകുകയും ചെയ്യുന്നു.<br><br>വാസഗൃഹ-കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള സംഗതികളിൽ 3000 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപന ത്തിന്റെ സെക്രട്ടറിയിൽ നിന്നും 3000 ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനായി ജില്ലാ ജിയോളജി വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണസ്ഥാപനം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള പെർമിറ്റിന്റെയും ചട്ടം നിഷ്കർഷിക്കുന്ന മറ്റു അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ അനുമതി ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ